**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിൽ നൽകാനുള്ള ക്ലെയിം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപിൽ ഇനി എത്ര അപേക്ഷകളിന്മേലാണ് ക്ലെയിം നൽകാനുള്ളതെന്ന് വിശദമാക്കുമോ; | (എ) | മെഡിസെപ് പദ്ധതി തുടങ്ങി നാളിതുവരെ 8,33,302 ക്ലെയിം റിപ്പോർട്ട് ചെയ്തതിൽ 7,57,561 പേരുടെ ക്ലെയിം അംഗീകരിക്കുകയും 69,433 ക്ലെയിമുകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാരും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും തമ്മിൽ ധാരണപത്രം ഒപ്പ വച്ചിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | **സർക്കാരും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും തമ്മിൽ ധാരണപത്രം ഒപ്പ വച്ചിരുന്നു. സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ഒരു ധാരണപത്രം 1872 -ലെ ഇന്ത്യൻ കരാർ നിയമത്തിലെ 10-ാം വകുപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ, ആ ധാരണപത്രം നിയമപരമായി ബാധ്യസ്ഥമായിരിക്കും. നാമപദം എന്ത് തന്നെയായിരുന്നാലും ആ പ്രമാണത്തിലെ ഉള്ളടക്കവും അതിലെ ഉദ്ദേശ്യവുമാണ് ആയതിനെ നിയമപരമാക്കി തീർക്കുന്നത് എന്ന് നിയമ വകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകിയിട്ടുണ്ട്.** |
| (സി) | ധാരണപത്രം രജിസ്റ്റർ ചെയ്യാതെയാണോ പദ്ധതി നടപ്പിലാക്കിയതെന്നും എങ്കിൽ അത് നിയമവിരുദ്ധ നടപടിയല്ലേ എന്നും വ്യക്തമാക്കുമോ? | (സി) | **സർക്കാരും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും തമ്മിൽ ധാരണപത്രം ഒപ്പ വച്ചിരുന്നു. സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ഒരു ധാരണപത്രം 1872 -ലെ ഇന്ത്യൻ കരാർ നിയമത്തിലെ 10-ാം വകുപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ, ആ ധാരണപത്രം നിയമപരമായി ബാധ്യസ്ഥമായിരിക്കും. നാമപദം എന്ത് തന്നെയായിരുന്നാലും ആ പ്രമാണത്തിലെ ഉള്ളടക്കവും അതിലെ ഉദ്ദേശ്യവുമാണ് ആയതിനെ നിയമപരമാക്കി തീർക്കുന്നത് എന്ന് നിയമ വകുപ്പ് ഇതിന്മേൽ അഭിപ്രായം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ